(ഇ) സ്പിൽ ഓവർ പദ്ധതികൾക്ക് ആവശ്യമായ പണം നീക്കി വച്ചിട്ടാണ് അടുത്ത വർഷത്തേയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻ വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ പ്രത്യേകം വേർതിരിച്ച് കാണിക്കണം. മുൻ വർഷങ്ങളിൽ ആരംഭിച്ച പ്രോജക്ടുകൾ മുൻഗണനയോടെ പൂർത്തിയാക്കാൻ പ്രാധാന്യം നൽകണം.

(എഫ്)പദ്ധതി നിർവ്വഹണത്തിന് തടസ്സങ്ങളെന്ന രീതിയിൽ പ്ലാനിംഗ് കമ്മീഷനോ മറ്റ് ഏജൻസികളോ ഒരു വസ്തുതയും ചൂണ്ടിക്കാണിച്ചിട്ടില്ല.

പണം വകമാറ്റി ചെലവു ചെയ്ത ബ്ലോക്ക് പഞ്ചായത്തുകൾ

72 (1433) <u>ശ്രീ. എം. മുരളി :</u>
<u>ശ്രീ. പി.ജെ. ഫ്രാൻസിസ് :</u>
<u>ശ്രീ. എ.കെ. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകളിൽ ജീവനക്കാരുടെ ശമ്പളം, ബത്ത, മറ്റ് അലവൻസ്സുകൾ, ഓഫീസ് ചെലവുകൾ, അംഗങ്ങളുടെ ബത്ത എന്നിവയ്ക്ക് അനുവദിച്ച തുക തീർന്നതു കൊണ്ട് ഈ സാമ്പത്തിക വർഷം ഈ ആവശ്യങ്ങൾക്കായി വക മാറ്റി ചെലവു ചെയ്ത എത്ര ബ്ലോക്കു പഞ്ചായത്തുകളുണ്ട്;

(ബി) ഇത്തരം ബ്ലോക്കു പഞ്ചായത്തുകളിലെ ജീവനക്കാരുടെ ശമ്പളം, ബത്ത, അംഗങ്ങളുടെ ബത്ത എന്നിവയ്ക്കുള്ള പണം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇപ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കു വേണ്ടി വകമാറ്റി ചെലവു ചെയ്ത ബ്ലോക്കു പഞ്ചായത്തുകളുടെ മേൽ എന്ത് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 126 ബ്ലോക്ക് പഞ്ചായത്തുകൾ തുകവകമാറ്റി ചെലവു ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിനത്തിൽ സംസ്ഥാന ബഡ്ജറ്റിൽ നീക്കിവെച്ച 610 ലക്ഷം രൂപ പൂർണ്ണമായും അനുവദിച്ചതിനു പുറമെ അടിസ്ഥാന നികുതി ഗ്രാന്റിനത്തിൽ ബ്ലോക്കു പഞ്ചായത്തുകൾക്കായി 209,63,100/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിഗണിച്ചു തീരുമാനിക്കുന്നതാണ്.

പഞ്ചായത്തുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

73 (1434)<u>ശ്രീ. എൻ. കണ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ബേസിക് ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയുടെ എത്ര ശതമാനമാണ് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇങ്ങനെ പഞ്ചായത്തുകളുടെ വരുമാനത്തിന്റെ ഒരു ഭാഗം കൈമാറേണ്ടി വന്നതിന്റെ ഫലമായി പല പഞ്ചായത്തുകളും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് സാമ്പത്തിക പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലെ ജീവനക്കാരുടേതുപോലെ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കും സർക്കാർ ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് മൊത്തം അടിസ്ഥാന നികുതി (ബേസിക് ടാക്സ്)യുടെ 3/10നു തുല്യമായ തുക അവയുടെ വിസ്തൃതിക്ക് ആനുപാതികമായി നൽകുവാനും ജില്ലാ പഞ്ചായത്തുകൾക്ക് മൊത്തം അടിസ്ഥാന നികുതിയുടെ 1/5 ന് സാദ്ധ്യമാകുന്നിടത്തോളം തുല്യമായ തുക പിരിവിന്റെ അടിസ്ഥാനത്തിൽ നൽകുവാനും ഉത്തരവായിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കുള്ള വിഹിതം നിശ്ചയിച്ച് ഉത്തരവായിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പി.ഡബ്ല്യു.ഡി പഞ്ചായത്തുകൾക്ക് കൈമാറിയ റോഡുകളുടെ പണി

74 (1435)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മലപ്പുറം ജില്ലയിലെ എത്ര റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് ജില്ലാപഞ്ചായത്തിന് കൈമാറിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പണി നടത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ 1996-2001 കാലഘട്ടത്തിൽ എത്ര തുക കൈമാറി എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ പണി പൂർത്തിയാക്കിയ റോഡുകൾ ഏതെല്ലാം എന്ന് ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പി.ഡബ്ല്യു.ഡി കൈമാറ്റംചെയ്ത റോഡുകൾക്ക് അനുവദിച്ച തുക ഗ്രാമീണ റോഡുകൾക്ക് ചെലവഴിച്ചിട്ടുണ്ടോ;

(എഫ്) ഇങ്ങനെ ചെലവഴിക്കുവാൻ ജില്ലാ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടോ;

(ജി) പി.ഡബ്ല്യു.ഡി. കൈമാറ്റം ചെയ്ത റോഡുകളുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly